പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 117

07.08.2017 ൽ നൽകിയ ഇടക്കാല
മറുപടിയിന്മേലുള്ള പൂർണ്ണ മറുപടി

## ബത്തേരി ഡോൺ ബോസ്കോ കോളേജിലെ വിദ്യാർത്ഥി അക്രമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ബത്തേരി ഡോൺ ബോസ്കോ കോളേജ് എസ്.എഫ്.ഐ. വിദ്യാർത്ഥികൾ തല്ലിത്തകർത്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തതെന്നും, എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തുവെന്നും വെളിപ്പെടുത്താമോ; | (എ) സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 546/17 u/s 143, 144, 147, 148, 452, 324, 308, 294(b), 427 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 15 പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വാശ്രയ മേഖലയിലും, സ്വകാര്യ മേഖലയിലും ഉള്ള ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ അക്രമസംഭവങ്ങൾ ഉണ്ടായി എന്നും സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശനഷ്ടം ഉണ്ടാക്കിയെന്നും വ്യക്തമാക്കാമോ; | (ബി) ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) അക്രമം നടത്തുന്ന വിദ്യാർത്ഥികൾക്കെതിരെ രാഷ്ട്രീയ പരിഗണനവച്ച് കർശന നടപടി സ്വീകരിക്കാത്തതാണ് വീണ്ടും ഇത്തരം അക്രമസംഭവങ്ങൾ ഉണ്ടാകുന്നതിന് കാരണമെന്നത് പരിഗണിച്ച് അക്രമങ്ങൾക്ക് നേതൃത്വം നൽകുന്നവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) അക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അക്രമസമരങ്ങൾ നടത്തുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരവും PDPP വകുപ്പ് (Prevention of Damage to Public Property Act) പ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിനും പക്ഷപാതരഹിതവും കർശനവുമായ നടപടികൾ സ്വീകരിച്ച് നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനും നടപടികൾ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ അക്രമ സംഭവങ്ങൾ ഉണ്ടായ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശനഷ്ടം |
|---|---|---|
| 1 | ലോ അക്കാഡമി ലോ കോളേജ്, പേരൂർക്കട | ഉണ്ട് |
| 2 | എസ്.എൻ. കോളേജ്, കൊല്ലം | ഇല്ല |
| 3 | എസ്.എൻ. ലോ കോളേജ്, കൊല്ലം | ഇല്ല |
| 4 | അസ്സീസിയ മെഡിക്കൽ കോളേജ്, കൊല്ലം | ഉണ്ട് |
| 5 | ശ്രീ വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എൻജിനീയറിങ്, കട്ടച്ചിറ | ഉണ്ട് |
| 6 | ടോംസ് കോളേജ് ഓഫ് എൻജിനീയറിങ്, മട്ടക്കര | ഉണ്ട് |
| 7 | നെഹ്റു കോളേജ് ഓഫ് എൻജിനീയറിങ്, പഴയന്നൂർ | ഉണ്ട് |
| 8 | കെ.എം.സി.റ്റി പോളിടെക്നിക് കോളേജ്, ചേലൂർ | ഉണ്ട് |
| 9 | മജിലിസ് കോളേജ്, പുരമന്നൂർ | ഉണ്ട് |
| 10 | ബവൻസ് ലോ കോളേജ്, രാമനാട്ടുകര | ഉണ്ട് |
| 11 | ഡോൺ ബോസ്കോ കോളേജ്, സുൽത്താൻ ബത്തേരി | ഉണ്ട് |

സെക്ഷൻ ഓഫീസർ